"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവല്ല നഗരസഭ - 'ഓപ്പറേഷൻ ട്രൂ ഹൗസ്' എന്ന പേരിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ. എസ്.നാരായണനെതിരെ ആരംഭിച്ച അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2571/2025/LSGD തീയതി,തിരുവനന്തപുരം, 24-10-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യറോ ഡയറക്ടറുടെ 03.03.2023 തീയതിയിലെ E4 (SC26/2022/PTA) 267/2023/DVACB നമ്പർ കത്തും അനുബന്ധ രേഖകളും.
2. നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ. എസ്.നാരായണന് നൽകിയ 03.05.2025തീയതിയിലെ ഇയു4/150/2023-തസ്വഭവ -നമ്പർ കുറ്റാരോപണ മെമ്മോ /പത്രിക.
3. ശ്രീ. എസ്.നാരായണൻ സമർപ്പിച്ച 31.05.2025 തീയതിയിലെ പ്രതിവാദ പത്രിക.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 09.09.2025 തീയതിയിലെ .LSGD/PD/32130/2023-VIGB2 നമ്പർ കത്ത്.

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി "ഓപ്പറേഷൻ ട്രൂ ഹൗസ്" എന്ന പേരിൽ സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും മിന്നൽ പരിശോധന നടത്തിയതിന്റെ ഭാഗമായി തിരുവല്ല നഗരസഭയിൽ 22.07.2022 തീയതിയിൽ മിന്നൽ പരിശോധന നടത്തി പരാമർശം 1 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. തിരുവല്ല നഗരസഭയിൽ നിന്നും ബിൽഡിംഗ് പെർമ്മിറ്റ് അനുവദിച്ച് നൽകിയ, വാർഡ് നമ്പർ 339-ലെ ഡോക്ടർ ഏബ്രഹാം കുര്യൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള 3 നില കെട്ടിടത്തിന്റെ പണികൾ പൂർത്തിയാകുന്നതിന് മുൻപ്പ് തന്നെ സെല്ലാർ ഒഴികെയുള്ള മറ്റ് 2 നിലകളിലായുള്ള 16 മുറികൾക്ക് 223 (1) മുതൽ 223 (16) വരെ കെട്ടിട നമ്പർ അനുവദിച്ച് നൽകിയിരുന്നതായും മുത്തൂർ സ്വദേശി ഷാജി എൻ. കുരുവിളയുടെയും ഭാര്യ നിമ്മി ഷാജിയുടെയും പേരിൽ കുറ്റപ്പുഴ വില്ലേജിൽ റീ സർവ്വേ നമ്പർ 528/09-04, 528/09-03 ൽപ്പെട്ട 2.63 ആർ വസ്തുവിൽ 462.40 ച.മീ അളവിൽ സെല്ലാർ ഉൾപ്പെടെ മൂന്ന് നിലകളിലായി വാണിജ്യ ആവശ്യത്തിന് കെട്ടിടം നിർമ്മിയ്ക്കുന്നതിനായി നഗരസഭയിൽ നിന്നും അനുമതി നേടിയിരുന്നതും തുടർന്ന് നിർമ്മാണം പൂർത്തിയാക്കാതെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയും 01/04/2022 തീയതി സ്ഥല പരിശോധന നടത്തിയ ഓവർസിയർ ശ്രീ.രതീഷ് ആർ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതായി തെറ്റായ റിപ്പോർട്ട് സമർപ്പിച്ചതായും തുടർന്ന് ടി കെട്ടിടത്തിന് നിർമ്മാണം പൂർത്തിയാക്കുന്നതിന് മുൻപ് അനധികൃതമായി 454/3, 454/4, 4545, 454/6 നമ്പരുകളിലായി നാല് കെട്ടിട നമ്പരുകൾ അനുവദിച്ചതായി ബോധ്യപ്പെട്ടതായും കെട്ടിടത്തിന്റെ സെല്ലാർ ഒഴികെ രണ്ട് നിലകളിൽ ഒരു മുറി മാത്രം പൂർത്തിയായിരിക്കെയാണ് ടി കെട്ടിടത്തിന് ക്രമവിരുദ്ധമായി 4 നമ്പരുകൾ അനുവദിച്ച് നൽകിയിട്ടുള്ളതായും മിന്നൽ പരിശോധയിൽ കണ്ടെത്തിയിരുന്നു.

2. മേൽ കണ്ടെത്തിയ അപാകതകൾക്ക് ഉത്തരവാദിയായ നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ. എസ്.നാരായണൻ(PEN-334400)-ൽനിന്നും വിശദീകരണം വാങ്ങി ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കേണ്ടതാണെന്ന, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടിയാനിൽനിന്നും വിശദീകരണം ആവശ്യപ്പെടുകയുണ്ടായെങ്കിലും രണ്ട് വർഷം കഴിഞ്ഞിട്ടും ടിയാൻ വിശദീകരണം സമർപ്പിച്ചിട്ടില്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ടിയാനെതിരെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം 2 പ്രകാരം

കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയുണ്ടായി.

3. തുടർന്ന് കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ സമർപ്പിച്ച പരാമർശം (3) പ്രതിവാദ പത്രികയിൽ, തിരുവല്ല നഗരസഭയിൽ 39-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന 39/223(1) മുതൽ 39/223(16) വരെയുള്ള 16 കെട്ടിടത്തിന് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് 16.10.2021 ലും നമ്പർ അനുവദിച്ചത് 03.11.2021 തീയതിയിലുമാണെന്നും ടി കെട്ടിടത്തിന് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകിയത് ശ്രീ. പി.വി. ഷിബു തിരുവല്ല നഗരസഭ സെക്രട്ടറി ആയി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിലാണെന്നും ടി കെട്ടിട നമ്പറുകൾ അനുവദിച്ച ഉദ്യോഗസ്ഥന്റെ പേര് ശ്രീ. എ. സന്തോഷ് കുമാർ എന്നാണെന്നും ടിയാൻ രണ്ടാം ഗ്രേഡ് റവന്യൂ ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിലാണ് നമ്പർ അനുവദിച്ചിട്ടുള്ളതെന്നും ശ്രീ. ഷാജി.എൻ കുരുവിളയും ഭാര്യ ശ്രീമതി. നിമ്മി ഷാജിയുടെയും ഉടമസ്ഥതയിലുള്ള മൂന്ന് നിലകളിലായി വാണിജ്യ ആവശ്യത്തിന് നിർമ്മാണ അനുമതിനേടി കെട്ടിട നിർമ്മാണം പൂർത്തികരിക്കുന്നതിന് മുമ്പ് അനധികൃതമായി നമ്പർ അനുവദിച്ച് നൽകിയെന്ന ആരോപണത്തിൽ തിരുവല്ല നഗരസഭയിൽ 36/454(3) മുതൽ 36/454(6) വരെയുള്ള കെട്ടിടത്തിന് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയ ഉദ്യോഗസ്ഥയുടെ പേര് ശ്രീമതി. ബിന്ദു വേലായുധൻ എന്നാണെന്നും ടിയാൾ തിരുവല്ല നഗരസഭ അസ്സി.എക്സിക്യൂട്ടീവ് എഞ്ചിനിയർ ആയി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിലാണ് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതെന്നും 750 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം ടി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്ക് സർക്കാർ അനുമതി നൽകിയിട്ടുള്ളതാണെന്നും ആയതുകൊണ്ടുതന്നെ ടി വിഷയത്തിൽ ഒക്യുപ്പൻസി നൽകുന്നതിന് ആവശ്യമായ പരിശോധന നടത്തുന്നതിനും കെട്ടിട നിർമ്മാണം നിയമാനുസരണം നടത്തി പൂർത്തീകരിച്ചിട്ടുള്ളതാണെന്ന് ഉറപ്പ് വരുത്തേണ്ട പൂർണ്ണ ഉത്തരവാദിത്തം ടി സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുന്നതിന് സാങ്കേതിക പരിജ്ഞാനമുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണെന്നും 454/3 മുതൽ 454/6 വരെയുള്ള 4 നമ്പറുകൾ അനുവദിച്ച് നികുതി നിർണ്ണയം നടത്തിയത് ടി കാലയളവിലെ സൂപ്രണ്ട് ആയിരുന്ന ശ്രീമതി. ജ്യോതി ലക്ഷ്മി ആണെന്നും വിശദീകരിച്ചിരുന്നു.

4. ടിയാൻ സമർപ്പിച്ച പ്രതിവാദ പ്രതിവാദ പത്രികയിൽ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ പരാമർശം (4) റിപ്പോർട്ടിൽ, വാർഡ് നമ്പർ 39 ൽ ഡോ. ഏബ്രഹാം കുര്യൻ എന്നയാളുടെ ഉടമസ്ഥതയിലുള്ളതും ആകെ വിസ്തീർണ്ണം 1554 ച.മീ. വരുന്നതുമായ 223(1) മുതൽ 223(16) വരെയുള്ള മുറികൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത് 16/10/2021 ലും നഗരസഭ റവന്യൂ വിഭാഗത്തിൽ നിന്നും നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് 28.10.2021 തീയതിയിലുമാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റിൽ ഒപ്പ് വച്ചിട്ടുള്ളത് സെക്രട്ടറിയും എന്നാൽ നികുതി നിർണ്ണയം നടത്തിയത് അംഗീകാരത്തിനായി സെക്രട്ടറി മുൻപാകെ സമർപ്പിച്ച ഫയലിൽ പരിശോധിച്ച് ബോദ്ധ്യപ്പെട്ട അസ്സസ് ചെയ്യുന്നതിന് റവന്യൂ ഓഫീസറെ സെക്രട്ടറി ചുമതലപ്പെടുത്തിയതാണെന്നും ആയതു പ്രകാരം നികുതി നിർണയം നടത്തിയത് റവന്യൂ ഓഫീസർ അംഗീകരിച്ചിട്ടുള്ളതുമാണെന്നും ഹാജർ രേഖകൾ പരിശോധിച്ചതിൽ ടി കാലയളവിൽ തിരുവല്ല നഗരസഭാ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നത് ശ്രീ. ഷിബു വി.പി-യും റവന്യൂ ഓഫീസറുടെ ചുമതല വഹിച്ചിരുന്നത് ശ്രീ. എ. സന്തോഷ് കുമാർ എന്നിവരുമാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുകയുണ്ടായി.

5. തിരുവല്ല നഗരസഭ വാർഡ് 36 ൽ ശ്രീ. ഷാജി എൻ. കുരുവിള, ശ്രീമതി നിമ്മി ഷാജി എന്നിവരുടെ പേരിലുള്ള 454(3) മുതൽ 454(6) വരെയുള്ള 4 മുറികൾക്ക് കെട്ടിട നമ്പർ അനുവദിച്ചു നൽകിയത് നിർമ്മാണം പൂർത്തീകരിക്കുന്നതിന് മുൻപായിട്ടാണ് എന്ന പരാമർശത്തിന്മേൽ നടത്തിയ അന്വേഷണത്തിൽ ആകെ പ്ലിന്ത് ഏരിയ 462.4 ച.മീ വരുന്നതും ശ്രീ. ഷാജി എൻ. കുരുവിള, ശ്രീമതി നിമ്മി ഷാജി എന്നിവരുടെ ഉടമസ്ഥതയിലുള്ളതുമായ കെട്ടിടത്തിനു ഒന്നാം ഗ്രേഡ് ഓവർസിയർ ശ്രീ. രതീഷ് ആർ, അസിസ്റ്റൻറ്റ് എഞ്ചിനീയർ ശ്രീ. ക്ലമന്റ് പി എന്നിവരുടെ ശിപാർശ പ്രകാരം 22.04.2022 ൽ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത് അസിസ്റ്റൻറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും നികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ നൽകിയിട്ടുള്ളത് റവന്യൂ ഓഫീസറുമാണെന്നും ഹാജർ രേഖകൾ പരിശോധിച്ചതിൽ ടി കാലയളവിൽ തിരുവല്ല നഗരസഭയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതല വഹിച്ചിരുന്നത് ശ്രീമതി ബിന്ദു വേലായുധനും റവന്യൂ ഓഫീസറുടെ ചുമതല വഹിച്ചിരുന്നത് ശ്രീ. പ്രദീപ് കുമാർ പി.എ. എന്നിവരുമാണെന്നും തിരുവല്ല നഗരസഭാ മുൻ സെക്രട്ടറി ആയിരുന്ന ശ്രീ. എസ്. നാരായണൻ ഇരു വിഷയങ്ങളിലും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകുകയോ നികുതി

നിർണ്ണയം നടത്തി കെട്ടിട നമ്പർ നൽകുകയോ ചെയ്തതായി കാണാൻ കഴിഞ്ഞിട്ടില്ലാത്തതാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീ.എസ് നാരായണൻ. 25.02.2022 മുതൽ 03.03.2023 വരെയാണ് തിരുവല്ല നഗരസഭയിൽ സെക്രട്ടറി ആയി സേവനമനുഷ്ഠിച്ചിരുന്നതെന്ന് കാണുന്നു.

6. സർക്കാർ, ഇക്കാര്യം, ശ്രീ.എസ് നാരായണൻ സമർപ്പിച്ച പ്രതിവാദ പത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കുറ്റാരോപണ മെമ്മോയിലെ ഒന്നാമത്തെ ആരോപണത്തിൽ പരാമർശിക്കുന്ന കെട്ടിടത്തിന് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളതും നികുതി നിർണ്ണയം നടത്തിയിട്ടുള്ളതും ശ്രീ.എസ് നാരായണൻ സെക്രട്ടറി ആയിരുന്ന കാലയളവിൽ നടന്നതല്ലായെന്നും രണ്ടാമത്തെ ആരോപണത്തിൽ പരാമർശിക്കുന്ന കെട്ടിടത്തിന് ശ്രീ.എസ് നാരായണൻ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകുകയോ നികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ നൽകുകയോ ചെയ്തിട്ടില്ലായെന്നും കാണുന്നു.

7. ആയതിനാൽ തിരുവല്ല നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.എസ് നാരായണനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ ടിയാനെ തുടർനടപടികളിൽനിന്നും ഒഴിവാക്കി അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.
ശ്രീ.എസ് നാരായണൻ , മുൻ നഗരസഭ സെക്രട്ടറി, തിരുവല്ല നഗരസഭ (നിലവിൽ സസ്പെൻഷനിൽ) (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ , തിരുവനന്തപുരം.
വിജിലൻസ് (എഫ്) വകുപ്പ്(01.04.2023 തീയതിയിലെ വിജി-എഫ്1/96/2023/വിജി നമ്പർ കത്ത് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/150/2023-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 24-10-2025 17:01:58
സെക്ഷൻ ഓഫീസർ